കുറ്റ്യാടി ജലസേചനപദ്ധതി

93 (2005) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ജലസേചന പദ്ധതികളുടെ കക്കോടി സബ്ഡിവിഷൻ ഓഫീസ് നിറുത്തലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തുകൊണ്ടാണ് ഈ ഓഫീസ് നിറുത്തലാക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശുദ്ധജലവിതരണ പദ്ധതികൾ

94 (2006) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ സ്ഥലം ലഭിക്കാത്തതുകൊണ്ട് പല ശുദ്ധജല പദ്ധതികളും തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്ഥലമെടുപ്പിൽ വരുന്ന കാലതാമസം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസംഭരണികൾ പമ്പ്ഹൗസ് ജലശുദ്ധീകരണ പ്ലാന്റ് മുതലായവയ്ക്ക് ആവശ്യമായ സ്ഥലം അതാതു പഞ്ചായത്തുകൾ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് സൗജന്യമായി നൽകേണ്ടതാണ്. ഇക്കാര്യത്തിൽ പല കാരണങ്ങൾ കൊണ്ടും കാലതാമസം ഉണ്ടാകാറുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീം

95 (2007) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പമ്പ് ഹൗസ് പ്രായോഗികമായ കാരണങ്ങളാൽ ചൊവ്വരയിൽ നിന്നും പെരിയാറിലെതന്നെ കോട്ടപ്പുറം മാമ്പ്രയിലേയ്ക്ക് മാറ്റണം എന്ന നിർദ്ദേശം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പമ്പുഹൗസ് ചൊവ്വരയിൽ നിന്നും മാമ്പ്രയിലേക്ക് മാറ്റുന്നതുകാരണം അതോറിറ്റിക്ക് കോടി കണക്കിന് രൂപ ലാഭമുണ്ടാകും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ;

(സി) ഈ പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണ് ; എവിടെനിന്നുമാണ് സാമ്പത്തിക വായ്പ ലഭിക്കുന്നത് ; ഏത് ഏജൻസിയെയാണ് വർക്ക് ഏൽപ്പിച്ചിരിക്കുന്നത് ;

(ഡി) ചൊവ്വര-പറവൂർ വാട്ടർ സപ്ലൈ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാൻ മന്ത്രി നിലവാരത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പമ്പുഹൗസ് ചൊവ്വരയിൽ നിന്നും മാറ്റുമ്പോൾ വരുന്ന ചെലവിനെപ്പറ്റിയും അങ്ങനെയുള്ള പദ്ധതിയെപ്പറ്റിയും പഠനം നടത്തിയിട്ടില്ല.

(സി) ഇതിന്റെ മതിപ്പുചെലവ് 37.23 കോടി രൂപയാണ്. എൽ.ഐ.സി.യിൽ നിന്നുമാണ് സാമ്പത്തിക വായ്പ ലഭിക്കുന്നത്. പണി ആരേയും ഏൽപിച്ചിട്ടില്ല. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (കെ. എസ്. സി. സി.) ഇ. പി. സി. എം. കരാർ ഏൽപിക്കുന്നതിന്റെ ഭാഗമായി അവരിൽനിന്നും ലഭിച്ച സാങ്കേതിക ഓഫർ പരിശോധിച്ച് വരുന്നു. ഇതിന്റെ പരിശോധനയിൽ സാമ്പത്തിക ഓഫർ വളരെ കൂടുതൽ ആയതിനാൽ അവരുമായി ചർച്ച ചെയ്ത് റേറ്റ് കുറയ്ക്കേണ്ടതായിട്ടുണ്ട്. ഇതിനായി നെഗോഷ്യേറ്റ് ചെയ്യുന്നതിനുള്ള കത്ത് ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുത്തിട്ടുണ്ട്.

(ഡി) 21-4-1998-ൽ എന്റെ ഓഫീസിൽവച്ച് പറവൂർ നിയോജകമണ്ഡലം എം.എൽ.എ., ഇറിഗേഷൻ സെക്രട്ടറി മുതലായവരുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടുകയുണ്ടായി. ആവശ്യമെന്നുകണ്ടാൽ വീണ്ടും യോഗം വിളിക്കാവുന്നതാണ്.

റാന്നി നിയോജകമണ്ഡലത്തിലെ പദ്ധതികൾ

96 (2008) ശ്രീ. രാജു എബ്രഹാം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. സി./പി.സി. പദ്ധതി പ്രകാരം റാന്നി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പണികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(ബി) പദ്ധതി ആരംഭിക്കാൻ ആവശ്യമായ പൈപ്പുകൾ എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly